**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114** **08-08-2023 - ൽ മറുപടിയ്ക്ക്**

**പോലീസ്എയ്ഡ് പോസ്റ്റ് സ്ഥാപിക്കലും പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ധനുവച്ചപുരം, അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ധനുവച്ചപുരത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. സംസ്ഥാനത്ത് പുതുതായി പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 'എ' യിൽ ചേർത്തിട്ടുണ്ട്. |
| (സി) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മാരായമുട്ടം പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നം. 25 ൽ റീസർവ്വേ നം.930, 217/3 എന്നിവയിൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 50 സെന്റ് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിയ്ക്കാൻ നിർവ്വാഹമില്ല എന്ന് ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തുവാൻ ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ